നടത്തുന്ന ആളുകൾതന്നെ കഷ്ടത്തിലാണെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഈ നഷ്ടവ്യവസായം നടത്തുന്നതിനുള്ള നിർബന്ധം ഒഴിവാക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: നഷ്ട വ്യവസായം നടത്തുന്നതിന് ഇപ്പോൾ ആരെയും നിർബന്ധിക്കുന്നില്ല.

ശ്രീ. സിറിയക് ജോൺ: കൃഷിക്കാരെ സഹായിക്കുകയെന്ന ഉദ്ദേശം വച്ചുകൊണ്ട് കപ്പ കയറ്റുമതി ചെയ്യാൻ പ്രോൽസാഹിപ്പിക്കുന്നതാണെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ കപ്പയ്ക്ക് താങ്ങുവിലയേക്കാൾ കൂടുതൽ വില ഉണ്ടെന്നുള്ളതു പരിഗണിച്ച് കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് താങ്ങുവിലയേക്കാൾ അധികരിച്ച വിലയുള്ളത് സബ്സിഡിയായി കൊടുക്കാൻ തയ്യാറാകുമോ?

കേഷ്യ വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ): അങ്ങനെ പ്രോൽസാഹിപ്പിക്കാനുള്ള നടപടിയൊന്നും ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. ടി. കുമാരൻ: മഗ്രോണി എന്നു പറയുന്ന സാധനം ഇപ്പോൾ എവിടെയെങ്കിലും ഏതെങ്കിലും ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇപ്പോൾ മഗ്രോണിയുടെ ആവശ്യമില്ല. ധാരാളം നെല്ലും അരിയും കിട്ടുന്നുണ്ട്.

ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതി

*801 [870] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എസ്റ്റിമേറ് തുക എത്രവരെയുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമുകളാണ് സെൻട്രൽ ഗവൺമെൻറ് ത്വരിത ഗ്രാമീണ ജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സാധാരണയായി 10 ലക്ഷം രൂപയിൽ കുറവു ചെലവു വരുന്ന പദ്ധതിയാണ്. എന്നാൽ അതിൽ കൂടുതൽ ചെലവു വരുന്ന പദ്ധതികൾക്കും ചിലപ്പോൾ കേന്ദ്രം അനുമതി നൽകാറുണ്ട്.

ശ്രീ. കല്ലട നാരായണൻ: കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രഗവൺമെൻറ് ഈ ആവശ്യത്തിന് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, അതിൽ എത്ര ചെലവഴിച്ചു എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 1977-78-ൽ ഇൻഡ്യാ ഗവൺമെൻറ് 100 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. 1978-79-ൽ അത് 275 ലക്ഷം രൂപയാണ്.

ശ്രീ. കല്ലട നാരായണൻ: ഈ സ്കീം അനുസരിച്ച് തുടങ്ങിയിട്ടുള്ള പദ്ധതികളുടെ പണി വളരെ താമസിച്ചാണ് നടക്കുന്നത് എന്നുള്ളതുകൊണ്ട് എത്രയും വേഗം ഇതു പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: താമസമൊന്നുമില്ല.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ പലതും വെള്ളം കിട്ടാത്തതു കൊണ്ട് രണ്ടു മൂന്നു പഞ്ചായത്തുകളെ യോജിപ്പിച്ചുകൊണ്ട് വെള്ളം കിട്ടത്തക്കവിധത്തിൽ മേജർ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് ഇൻഡ്യാ ഗവൺമെന്റിന്റെ നേരിട്ടുള്ള ഒരു പദ്ധതിയാണ്. ഇൻഡ്യാ ഗവൺമെന്റ് പത്തു ലക്ഷത്തിനു മുകളിലുള്ള പദ്ധതികളെ അനുവദിക്കുകയില്ല.

ശ്രീ. കെ.സി. വാമദേവൻ: ഇൻഡ്യാ ഗവൺമെന്റിന്റെ നേരിട്ടുള്ള പദ്ധതികളാണെന്നു പറഞ്ഞു. പക്ഷെ വെള്ളത്തിന്റെ സോഴ്സ് കണ്ടുപിടിക്കുന്നതും പദ്ധതികൾക്കു രൂപം കൊടുത്തുനടപ്പാക്കുന്നതും സംസ്ഥാന ഗവൺമെന്റുകളാണെന്നിരിക്കെ വിവിധ പഞ്ചായത്തുകൾ കോർത്തിണക്കി ശുദ്ധജല വിതരണത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെറിയ ചെറിയ പദ്ധതികൾക്കു പകരം അതു നടപ്പാക്കുകയും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: അതിനുള്ള ബുദ്ധിമുട്ട് ഇൻഡ്യാ ഗവൺമെൻറ് അവരുടെ ചില ക്രൈറ്റീരിയ അനുസരിച്ച് പ്രോബ്ലം വില്ലേജുകൾ സെലക്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് 935 പഞ്ചായത്തുകളിലാണ് ഇതു നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്".

ശ്രീ. കെ. പി. നൂറുദ്ദീൻ: 1978-79-ൽ കേന്ദ്ര ഗവൺമെൻറ് 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഇത് എത്ര സ്കീമിനു വേണ്ടിയാണ്, എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; അതിൽ ഏതെല്ലാം സ്കീമിന്റെ പണി ആരംഭിച്ചിട്ടുണ്ട്; എന്നത്തേയ്ക്ക് അത് പൂർത്തിയാകും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൊല്ലംതോറും തുടർന്നു പോകുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിക്ക് 1977-78 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപയും 1978-79-ൽ 275 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ തുടർന്നും അനുവദിച്ചുകൊണ്ടിരിക്കും. 935 പ്രോബ്ലം വില്ലേജുകളാണ് അവർ ഇപ്പോൾ സെലക്ട് ചെയ്തിട്ടുള്ളത്.

ശ്രീ. പി. ശങ്കർ: ബോറിംഗ് നടത്തി വെള്ളം എടുത്ത് ശുദ്ധജല വിതരണം നടത്തുക എന്നുള്ളതാണ് ഈ പദ്ധതി. എന്നാൽ പല സ്ഥലത്തും കിണർ കുഴിച്ചാൽ വെള്ളം കൊടുക്കാതെ വരുന്നുണ്ട്. അതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തു പരിഹാരമുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കൊടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒന്നോ രണ്ടോ പദ്ധതികൾക്കു വെള്ളം കിട്ടാതിരിക്കും. അത് നമ്മുടെ നാട്ടിൽ ചില സ്ഥലത്തും സംഭവിക്കുന്നുണ്ട്.

ശ്രീ. എസ്. ത്യാഗരാജൻ: കിളിക്കൊല്ലൂർ വാട്ടർ സപ്ലൈ സ്കീമിന് 13 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. എൽ. ഐ. സി. യിൽ നിന്നും ലോൺ എടുത്ത് അതു നടപ്പാക്കുമെന്നാണ് പറഞ്ഞിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. വാട്ടർ ബോർഡ് രൂപീകരിച്ചുകൊണ്ട് ഒരു പ്രത്യേക ജലസംഭരണിയുടെ ആവശ്യമില്ലാതെ തന്നെ കൊല്ലം പട്ടണത്തിൽനിന്നും ഇവിടേയ്ക്ക് വെള്ളം കൊടുക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അതു നടപ്പാക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ശുദ്ധജല വിതരണ പദ്ധതി ഏർപ്പാടു ചെയ്യുമ്പോൾ വാട്ടർ റിസോഴ്സസ് ഇല്ലാത്ത സ്ഥലത്ത് ഓവർ ഹെഡ് ടാങ്ക് കെട്ടി അവിടെ വെള്ളമില്ലാതെവരുന്നതാണ് ഈ പദ്ധതിയുടെ പ്രോബ്ലം എന്നുള്ളതു മനസ്സിലാക്കി അതിനു പരിഹാരമുണ്ടാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വെള്ളം ഉണ്ടോ എന്നു ആദ്യം കണ്ടുപിടിക്കും. പക്ഷേ കുഴിക്കുമ്പോൾ വെള്ളം കണ്ടില്ലെന്നുവരും. ആ പ്രോബ്ലത്തിനു പരിഹാരമില്ല സർ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നേരത്തെ തുടങ്ങിയ പല പദ്ധതികളും വെള്ളം ലഭിക്കാത്തതുകൊണ്ട് പ്രയോജന രഹിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദാഹരണത്തിന് കൊട്ടാരക്കര പഞ്ചായത്തിൽ ആരംഭിച്ച ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും ഒട്ടും വെള്ളം ലഭിക്കുന്നില്ലെന്നുള്ളതു കണക്കിലെടുത്ത് ശാസ്താംകോട്ടയിൽനിന്നോ പുനലൂരിൽ നിന്നോ വെള്ളം കൊണ്ടുവന്ന് ഈ പദ്ധതിക്ക് വെള്ളം എത്തിക്കണമെന്ന നിവേദനത്തിനു മുൻഗണന കൊടുത്ത് നടപ്പിലാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഈ പദ്ധതിയിൽ പെട്ടതാണോ എന്ന് അറിഞ്ഞുകൂടാ. പെട്ടതാണെങ്കിൽ അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ഗവൺമെന്റ് ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

*802 [871] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ സഹകാര്യ ആശുപത്രികളിൽ വിസിറ്റിംഗ് സർജന്മാരായോ പാർട്ട് ടൈം കാരായോ ജോലി നോക്കുന്നതിനു നിയമം ഉണ്ടോ;

(ബി) അങ്ങനെ ഉണ്ടെങ്കിൽ അവർ അത്തരം സ്ഥാപനങ്ങളിൽ നിന്നും പ്രതിഫലം വാങ്ങുന്നതിനു നിയമമുണ്ടോ;

(സി) പ്രതിഫലം വാങ്ങുകയാണെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം ഗവൺമെന്റിൽ അടയ്ക്കേണ്ടതുണ്ടോ;

(ഡി) പാർട്ട് ടൈം ആയോ വിസിറ്റിംഗ് സർജന്മാരായോ ജോലി നോക്കുന്നതിന് ഗവൺമെന്റ് അംഗീകാരം ആവശ്യമുണ്ടോ;

(ഇ) ഏതെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഗവൺമെന്റിന്റെ അംഗീകാരം വാങ്ങാതെയും നിയമപ്രകാരമുള്ള വിഹിതം അടയ്ക്കാതെയും ഉണ്ടായിട്ടുള്ള വല്ല കേസ്സുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ട് യാതൊരു നടപടിയും എടുക്കാത്തതിനെപ്പറ്റി ഡിപ്പാർട്ടുമെന്റ് അധികാരികൾ ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly